## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 451 | 27.06.2019 ൽ മറുപടിയ്ക്ക്

### ഇ - ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ. **കെ.സി.ജോസഫ്**<br>ശ്രീ. **കെ.എസ്.ശബരീനാഥൻ**<br>ശ്രീ. **വി.ഡി.സതീശൻ**<br>**ശ്രീ.സണ്ണി ജോസഫ്** | | മറുപടി<br>**പിണറായി വിജയൻ**<br>( മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം ഏതൊക്കെ തലങ്ങളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; | (എ) | സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 സബ് ഡിവിഷൻ ഓഫീസുകൾ, 60 ഡയറക്ടറേറ്റുകൾ / കമ്മീഷണറേറ്റുകൾ / മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന് കീഴിലുള്ള എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസിന് പകരം പുതിയ സോഫ്റ്റ് വെയറിന് രൂപം നൽകുന്നതിനായി കേരള ഐ.റ്റി മിഷൻ എന്നാണ് ടെൻഡർ ക്ഷണിച്ചത്; | (ബി) | സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനു വേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചത് 30.05.2019-ലാണ്. |
| (സി) | ഇതുപ്രകാരം എത്ര സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു; വിശദാംശം നൽകുമോ; | (സി) യും (ഡി) യും | ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (ഡി) | പുതിയ സംവിധാനത്തിന് എത്ര തുക മുടക്കേണ്ടി വന്നു; | | |
| (ഇ) | നിലവിലുള്ള ഇ-ഓഫീസ് സംവിധാനം പിൻവലിക്കുന്നതിന് തീരുമാനിച്ചത് എന്ത് അടിസ്ഥാനത്തിലാണ്; | (ഇ) യും (എഫ്) ഉം | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19.01.2017 ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി യെ ചുമതലപ്പെടുത്തുകയും, സർക്കാർ ഉത്തരവ് പ്രകാരം, ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി യ്ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ |
| (എഫ്) | ഇ-ഓഫീസ് പരിഷ്കരിക്കണമെന്ന് എൻ.ഐ.സിയോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അവരുടെ പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25.03.2017 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18.04.2017 ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി നൽകുകയോ ചെയ്തില്ല. പ്രസ്തുത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17.07.2017 ലെ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26.07.2017 -ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക്‌പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. |

Saju

**സെക്ഷൻ ഓഫീസർ**